(ഐ) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

വെമ്പായം-പനവൂർ-പുല്ലംപാറ കുടിവെള്ള പദ്ധതി

122 [5389] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെമ്പായം-പനവൂർ-പുല്ലംപാറ പഞ്ചായത്തുകൾക്കുവേണ്ടി ആരംഭിച്ച കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏതുഘട്ടംവരെയായി;

(ബി) ഈ പദ്ധതിക്കുവേണ്ടി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പദ്ധതിയുടെ സ്തംഭനാവസ്ഥ ഒഴിവാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായി. കിണർ, പമ്പ് ഹൗസ് എന്നിവയുടെ പണി 83% പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്ക് ആകെ 5 ടാങ്കുകളും 3 സംപ്-കം-പമ്പ് ഹൗസുകളും ഉണ്ട് ഇതിൽ 3 ടാങ്കിന്റെയും 2 സമ്പ്-കം-പമ്പ് ഹൗസിന്റെയും പണി പൂർത്തിയായി. ബാക്കിയുള്ളവയ്ക്ക് സ്ഥലം കിട്ടാനുള്ള കാലതാമസമുണ്ടായി. ആലുമൂട്ടിലുള്ള ടാങ്കിന്റെ സ്ഥലം 26-6-2003-ൽ ലഭ്യമായി. ഈ ടാങ്കിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ച് വരുന്നു. വയ്ക്കമാവിലുള്ള സമ്പിന്റെയും കുറ്റിമൂട്ടിലുള്ള ടാങ്കിന്റെയും സ്ഥലം ഇതുവരെയും പഞ്ചായത്തിൽ നിന്നു കിട്ടിയിട്ടില്ല. പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ പണികൾ സപ്ലയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ഡിസ്ട്രിബ്യൂഷന്റെ പണികൾക്ക് താമസംവിനാ നടപടി സ്വീകരിക്കുന്നതാണ്.

(ബി, സി) 350 ലക്ഷം രൂപയാണ് ഇതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് തുക. ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക തയ്യാറാക്കേണ്ടിയിരിക്കുന്നു. ഒരു കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2003 ജൂലൈ മാസംവരെ 384 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി ചെലഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) പദ്ധതി പ്രവർത്തനങ്ങൾ സതംഭനാവസ്ഥയിലായിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടാങ്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും കിട്ടുന്നതിനു കാലതാമസം ഉണ്ടായിട്ടുണ്ട്. പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ എന്നിവയ്ക്ക് വേണ്ടുന്ന പൈപ്പുകൾ ഇതു വരെ ലഭ്യമായിട്ടില്ല. ഈ കാരണങ്ങളാൽ പദ്ധതി പൂർത്തിയാക്കുവാൻ കാല താമസം നേരിട്ടിട്ടുണ്ട്. പദ്ധതിയുടെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യു ന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി പദ്ധതികൾ

123 [5390] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തു ന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് കഴിഞ്ഞ രണ്ട് വർഷത്തിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാ ണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാ ണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ;

(ഡി) ഓരോ പദ്ധതിക്കും എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ എം. ആർ. ഹില്ലിൽ 50000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ഉപരിതല ടാങ്കിന്റെ പണി പുരോഗമിച്ചുവരുന്നു. നിലവിൽ പണിപൂർത്തിയായ പമ്പ് ഹൗസിൽനിന്നും വിതരണ ശൃംഖലയി ലേക്ക് വെള്ളം പമ്പ് ചെയ്ത് എം. ആർ. ഹില്ലിന്റെ ഉയർന്ന പ്രദേശങ്ങളി ലേയ്ക്ക് നൽകുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗര ശുദ്ധജലവിതരണം നവീകരിക്കുന്നതിനായി 304 ലക്ഷം രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-1)†.

(സി, ഡി) വിവരം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-2)‡.

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly